# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 ഫെബ്രുവരി 1**

---

## നാഷണൽ എന്റർപ്രണർഷിപ്പ് കോൺക്ലേവിൽ എം.ജി. സർവകലാശാലയ്ക്ക് നേട്ടം

പാലക്കാട് ലീഡ് കോളജ് ഓഫ് മാനേജ്മെൻറിൽ നടന്ന നാഷണൽ എന്റർപ്രണർഷിപ്പ് കോൺക്ലേവിൽ മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നവേഷൻ ആന്റ് ഇൻകുബേഷൻ സെന്ററിന് (ബി.ഐ.ഐ.സി)നേട്ടം. ബി.ഐ.ഐ.സിയെ പ്രതിനിധീകരിച്ച് കോൺക്ലേവിൽ പങ്കെടുത്ത രണ്ടു ടീമുകൾ പുരസ്കാരം നേടി.

സംസ്ഥാനത്തിൻറെ വിവിധ ഭാഗങ്ങളിൽനിന്നുള്ള ടീമുകൾ നൂതന സംരംഭകത്വ ആശയങ്ങൾ പങ്കുവച്ച പരിപാടിയിൽ 150 ടീമുകൾ രണ്ടാം ഘട്ടത്തിലെത്തി. ഇതിൽനിന്നാണ് 20 ടീമുകളെ പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. കേരള ബയോടെക്നോളജി കമ്മീഷനും ബി.ഐ.ഐ.സിയുമായുള്ള സഹകരണ പരിപാടിയുടെ ഭാഗമായി ഇവിടെ പരിശീലനം നടത്തുന്ന ആർ.എസ്. കൃഷ്ണശ്രീ, എ. ഗൗതമി എന്നിവർ ഉൾപ്പെട്ട ടീമും സർവകലാശാലയിലെ സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിലെ റിസർച്ച് സ്കോളർമാരായ എൽ. വിദ്യ, അപർണ രാജ് എന്നിവരുടെ ടീമുമാണ് സമ്മാനാർഹമായത്.

ഇവർക്ക് ഒരു ലക്ഷം രൂപ സ്കോളർഷിപ്പും സമ്മാനത്തുകയായി 15000 രൂപയും ലഭിക്കും. ബി.ഐ.ഐ.സിയിൽ വികസിപ്പിച്ച ആശയങ്ങളാണ് ടീമുകൾ പരിപാടിയിൽ അവതരിപ്പിച്ചത്.

(പി.ആർ.ഒ/39/112/2024)

## മാറ്റി വച്ച പരീക്ഷകൾ അഞ്ചു മുതൽ

ഒന്നാം സെമസ്റ്റർ എം.ബി.എ(2023 അഡ്മിഷൻ റഗുലർ, 2019,2020,2021,2022 അഡ്മിഷനുകൾ സപ്ലിമെൻററി), അഫിലിയേറ്റഡ് കോളജുകളിലെ അഞ്ചാം സെമസ്റ്റർ പഞ്ചവത്സര എൽ.എൽ.ബി പരീക്ഷകളുടെ മാറ്റി വച്ച ജനുവരി 31, ഫെബ്രുവരി രണ്ട്

തീയതികളിലെ പരീക്ഷകൾ ഫെബ്രുവരി അഞ്ചു മുതൽ നടക്കും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/113/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നു മുതൽ നാലു വരെ സെമസ്റ്ററുകൾ ബി.വോക്(2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം) പരീക്ഷകൾക്ക് ഫെബ്രുവരി 13 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം.

ഫെബ്രുവരി 14ന് ഫൈനോടു കൂടിയും ഫെബ്രുവരി 15ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/114/2024)

## വൈവ വോസി

2022 ഒക്ടോബറിൽ വിജ്ഞാപനം പുറപ്പെടുവിച്ച രണ്ടാം സെമസ്റ്റർ എം.ഫിൽ ഫിഷറി ബയോളജി ആൻറ് അക്വാകൾച്ചർ(2017 അഡ്മിഷൻ റഗുലർ, 2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി) കോഴ്സിൻറെ പ്രോജക്ട് ഇവാല്യുവേഷൻ, വൈവ വോസി പരീക്ഷകൾ ഫെബ്രുവരി എട്ടു മുതൽ പത്തനംതിട്ട സ്കൂൾ ഓഫ് അപ്ലൈഡ് ലൈഫ് സയൻസസ്(എസ്എഎൽഎസ്)ൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/115/2024)

## പരീക്ഷാ ടൈം ടേബിൾ

ആറാം സെമസ്റ്റർ ഐഎംസിഎ(2020 അഡ്മിഷൻ റഗുലർ, 2017,2018,2019 അഡ്മിഷനുകൾ സപ്ലിമെൻററി), ഡിഡിഎംസിഎ(2016 അഡ്മിഷൻ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷയോടൊപ്പം ഇലക്ടീവ്-2 ബയോഇൻഫോർമാറ്റിക്സ് എന്ന പേപ്പർ ഉൾപ്പെടുത്തി. പരീക്ഷ ഫെബ്രുവരി അഞ്ചിന് നടക്കും.

(പി.ആർ.ഒ/39/116/2024)

## പ്രാക്ടിക്കൽ

ഏഴാം സെമസ്റ്റർ ബിഎച്ച്എം(2015 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2013,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ് - പഴയ സ്കീം, നവംബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി ആറു മുതൽ പാലാ സെൻറ് ജോസഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെൻറ് ആൻറ് കാറ്ററിംഗ്

ടെക്നോളജിയിൽ നടക്കും.  ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/117/2024)

## <u>പരീക്ഷാ ഫലം</u>

മെയ് മാസം നടത്തിയ ഒന്നാം സെമസ്റ്റർ എംബിഎ(2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2016 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2015 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 16 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ സമർപ്പിക്കാം.

..............................

രണ്ടാം സെമസ്റ്റർ എംഎ ഹിന്ദി(പിജിസിഎസ്എസ് - 2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2019,2020,2021 അഡ്മിഷനുകൾ സപ്ലിമെൻററി - ജൂലൈ 2023) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 15 വരെ ഓൺലൈനിൽ സമർപ്പിക്കാം.

(പി.ആർ.ഒ/39/118/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**